പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3349 08-11-2019-ന് മറുപടിയ്ക്ക്

അഗ്രോപാർക്കുകളുടെ നടത്തിപ്പ്

ചോദ്യം

ശ്രീ. പി. ടി. തോമസ്

ഉത്തരം

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നാളീകേരം, വാഴപ്പഴം, തേൻ, മാമ്പഴം, പച്ചക്കറികൾ എന്നിവക്കായി അഗ്രോ പാർക്കുകൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നാളീകേരത്തിന്റെ അഗ്രോപാർക്കുകൾ വെങ്ങേരി കാർഷിക മൊത്തവ്യാപാരവിപണിയിലും, കൂത്താളി ജില്ലാ കൃഷിത്തോട്ടത്തിലും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. തൃശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ തേനും വാഴപ്പഴവും അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കും, പാലക്കാട് ജില്ലയിലെ മുതലമടയിൽ മാമ്പഴ അഗ്രോപാർക്കും ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമ പഞ്ചായത്തിലെ പഴത്തോട്ടത്തിൽ വെജിറ്റബിൾ പാർക്കും സ്ഥാപിക്കാൻ തീരുമാനം ആയിട്ടുണ്ട്. |
| (ബി) | പാർക്കുകളുടെ നടത്തിപ്പ് എപ്രകാരമായിരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോ; അതിനായി കമ്പനി രൂപികരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മേൽനോട്ടത്തിന് വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളീകേരം, വാഴപ്പഴം, തേൻ, എന്നീ കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് കേരള അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷനെയും മാമ്പഴ പാർക്ക് സ്ഥാപിക്കുന്നതിനായി ഇൻകൽ ലിമിറ്റഡിനെയും, വെജിറ്റബിൾ പാർക്ക് സ്ഥാപിക്കുന്നതിനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനേയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | അഗ്രോ പാർക്ക് വഴിയുള്ള ഉൽപ്പന്നങ്ങൾ എപ്രകാരം വിപണനം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) | അഗ്രോപാർക്കുകൾ പ്രവർത്തനസജ്ജമായി കഴിഞ്ഞാൽ കർഷകരുടെ ഉല്പന്നങ്ങൾ മൂല്യവർദ്ധനവിലൂടെ സംസ്ഥാനത്തിനകത്തും പുറത്തും രാജ്യാന്തരതലത്തിലും വിപണനം നടത്താൻ സാധിക്കും എന്ന കാഴ്ചപ്പാടോടുകൂടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |

Raju.V

സെക്ഷൻ ഓഫീസർ